**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :590 **29.10.2019**-ലെ മറുപടിക്ക്

**<u>റാന്നി മണ്ഡലത്തിൽ കിൻഫ്രയ്ക്ക് ലീസിന് നൽകിയ ഭൂമി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) റാന്നി നിയോജക മണ്ഡലത്തിലെ ഉതിമൂട്ടിൽ എത്ര ഏക്കർ സ്ഥലമാണ് കിൻഫ്രയ്ക്ക് ലീസിന് ലഭിച്ചിട്ടുള്ളത്; ഏതുവർഷമാണ് ലഭിച്ചത് എന്ന് അറിയിക്കുമോ; | **(എ)** റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 2011-ലാണ് കിൻഫ്രയ്ക്ക് ഭൂമി കൈമാറിയിട്ടുള്ളത്. |
| (ബി) പ്രതിവർഷം എത്ര രൂപയാണ് പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളത്; ഭൂമി ലീസിന് ലഭിച്ചതു മുതൽ ഇതേവരെ പാട്ടത്തുക ഇനത്തിൽ അടച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ; | **(ബി)** പ്രതിവർഷം പാട്ടത്തുക ഇനത്തിൽ 24,856/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രതിവർഷം 24,856/- രൂപ നിരക്കിൽ 2011 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ പാട്ടത്തുക ഇനത്തിൽ അടച്ചിട്ടുണ്ട്. |
| (സി) ഏതെങ്കിലും വർഷത്തെ പാട്ടത്തുക കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **(സി)** 2019-20 വർഷത്തെ പാട്ടത്തുക അടച്ചിട്ടില്ല. |
| (ഡി) ഈ ഭൂമിയിൽ എന്ത് സ്ഥാപനം നടത്താനാണ് കിൻഫ്ര നിശ്ചയിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ; | **(ഡി)** പ്രസ്തുത സ്ഥലത്ത് ഒരു റൂറൽ അപ്പാരൽ പാർക്ക് സ്ഥാപിക്കാനാണ് കിൻഫ്ര നിശ്ചയിച്ചിരുന്നത്. |
| (ഇ) അപ്പാരൽ പാർക്ക് യാഥാർത്ഥ്യമാകാത്ത സാഹചര്യത്തിൽ മറ്റെന്ത് വ്യവസായ സ്ഥാപനം നടത്തുന്നതിനാണ് കിൻഫ്ര തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | **(ഇ)** സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.311/2019/റവ. തീയതി.14/10/2019 പ്രകാരം 3 വർഷം കൂടുമ്പോൾ പാട്ടക്കരാർ പുതുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ ഭൂമി ലഭിച്ചാൽ, പ്രസ്തുത സ്ഥലത്ത് വ്യവസായങ്ങൾക്കുള്ള ഫാക്ടറി കെട്ടിടം നിർമ്മിക്കാനാണ് നിലവിൽ പദ്ധതിയുള്ളത്. |

**സെക്ഷൻ ഓഫീസർ**